LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങളുടെ പ്രവർത്തന മികവിന് ആദരവ്

30(*480) ശ്രീ. പി. പി. സുമോദ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) പ്രതികൂല സാഹചര്യത്തെ അതിജീവിച്ച് പ്രവർത്തിച്ച സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകി ആദരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംഘങ്ങൾക്ക് ബെസ്റ്റ് പെർഫോമൻസ് അവാർഡ് നൽകിവരുന്നു.

(ബി) എങ്കിൽ പ്രസ്തുത അവാർഡിന്റെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമായിരുന്നുവെന്നും ഏതെല്ലാം വിഭാഗങ്ങളിലുള്ള സംഘങ്ങൾക്കാണ് അവാർഡ് പ്രഖ്യാപിച്ചതെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് അതാത് സാമ്പത്തിക വർഷത്തെ പ്രവർത്തനത്തെ അടിസ്ഥാനമാക്കി സഹകരണ വകുപ്പ് അവാർഡ് നൽകിവരുന്നു. മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന താഴെപ്പറയുന്ന എട്ട് വിഭാഗങ്ങളിൽപ്പെട്ട സംഘങ്ങളിൽനിന്നാണ് അവാർഡിനായി ശിപാർശകൾ ക്ഷണിക്കുന്നത് :

1. അർബൻ ബാങ്ക്
2. പ്രാഥമിക കാർഷിക ഗ്രാമ വികസനബാങ്ക്
3. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ
4. എംപ്ലോയീസ് സഹകരണ സംഘം
5. വനിതാ സഹകരണ സംഘം
6. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം
7. ആശുപത്രി/വിദ്യാഭ്യാസ സഹകരണ സംഘം
8. പലവക സഹകരണ സംഘം.

LIBRARY ARCHIVES Kerala Legislative Assembly

ഒരോ വിഭാഗത്തിൽനിന്നും ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്കാണ് സമ്മാനം നൽകുന്നത്. മൂന്നു ഘട്ടങ്ങളിലായുള്ള പരിശോധനയിലൂടെയാണ് മികച്ച സംഘങ്ങളുടെ പട്ടിക തയ്യാറാക്കുന്നത്. താലൂക്ക് തലത്തിലാണ് ആദ്യം അപേക്ഷകൾ സ്വീകരിക്കുന്നത്. ഓരോ വിഭാഗത്തിലുംപെട്ട സംഘങ്ങൾ നിശ്ചിത മാതൃകയിൽ അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിൽ അപേക്ഷകളും അനുബന്ധങ്ങളും സമർപ്പിക്കുകയും ഈ അപേക്ഷ ഫോം താലൂക്കുതലത്തിൽ പരിശോധിച്ച് നിശ്ചിത മാതൃകാഫോറത്തിൽ മാർക്കുകൾ രേഖപ്പെടുത്തി പട്ടികപ്പെടുത്തി ഓരോ വിഭാഗത്തിലും ഏറ്റവും മികച്ച 5 എണ്ണം വീതം പട്ടികപ്പെടുത്തി ലിസ്റ്റ് ഉൾപ്പെടെ ജില്ലാതലത്തിൽ സമർപ്പിക്കുന്നതിനായി താലൂക്കുതലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറായും അസിസ്റ്റ് ഡയറക്ടർ (ആഡിറ്റ്), സർക്കിൾ സഹകരണ യൂണിയൻ പ്രതിനിധികൾ എന്നിവർ അംഗങ്ങളായ 5 പേരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ടി കമ്മിറ്റി കൂട്ടമറ്റ രീതിയിൽ അപേക്ഷകൾ പരിശോധിച്ച് വ്യക്തമായ ശിപാർശയും കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പും ഉൾപ്പെടെയുള്ള പട്ടിക ജില്ലാതലത്തിൽ സമർപ്പിക്കുന്നതുമാണ്. താലൂക്കുതലങ്ങളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ജില്ലാതലത്തിൽ ഓരോ വിഭാഗത്തിൽ നിന്നും ഏറ്റവും മികച്ച 5 എണ്ണം ലിസ്റ്റ് പട്ടികപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. ഇതിനായി ജില്ലാതലത്തിൽ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) കൺവീനറായും, ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്) ജില്ലയിലെ 3 പ്രമുഖ സഹകാരികൾ അംഗങ്ങളായി കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ടി കമ്മിറ്റി വ്യക്തമായ ശിപാർശയോടെ ഓരോ വിഭാഗത്തിലുംപെട്ട മികച്ച 5 സഹകരണ സ്ഥാപനങ്ങളുടെ പട്ടിക സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ലഭ്യമാക്കുന്നു. ജില്ലകളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് പട്ടികപ്പെടുത്തി സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുന്ന സംസ്ഥാനതല അവാർഡ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നതും, ആയതിൽ നിന്നും ഒരോ വിഭാഗത്തിലും ഏറ്റവും മികച്ച 3 സംഘങ്ങളെ വീതം തിരഞ്ഞെടുക്കുന്നതും അവയ്ക്ക് അവാർഡ് നൽകുന്നതുമാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷയും സംഘങ്ങളുടെ അവാർഡിനായി പരിഗണിക്കുന്ന വർഷത്തെ പ്രവർത്തനം സംബന്ധിച്ച ഓരോ വിഭാഗത്തിലുംപെട്ട സംഘങ്ങൾക്ക് വ്യത്യസ്ത മാനദണ്ഡങ്ങൾ പ്രകാരമുള്ള ക്രൈറ്റീരിയ/പാരാമീറ്ററും മാർക്ക് ഷീറ്റും ഉൾപ്പെടെയുള്ള അനുബന്ധങ്ങൾ പരിശോധിച്ചാണ് അവാർഡിനായി പരിഗണിക്കുന്നത്. അപേക്ഷയുടേയും ക്രൈറ്റീരിയ/പാരാമീറ്ററിന്റേയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സഹകരണമേഖലയിൽ മികച്ച സംഭാവനകൾ നൽകിയ സഹകാരികൾക്കും ഉദ്യോഗസ്ഥർക്കും ഈ വർഷം മുതൽ അവാർഡ് നൽകി ആദരിക്കാൻ പദ്ധതിയുണ്ടോ?

സഹകരണ പ്രസ്ഥാനത്തിന്റെ പിതാവായ റോബർട്ട് ഓവന്റെ 250-ാം ജന്മ വാർഷികം 2021-ൽ ആഘോഷിക്കുന്നതിന്റെ ഭാഗമായി സഹകരണ മേഖലയിൽ മികച്ച സംഭാവനകൾ നൽകിയ സഹകാരികൾക്കും ഉദ്യോഗസ്ഥർക്കും വരുംവർഷങ്ങളിൽ പുരസ്കാരം നൽകാവുന്നതാണെന്ന് അവാർഡ് നിർണ്ണയ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) കോവിഡ് പ്രതിരോധത്തിൽ മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവച്ചവർക്കും പുത്തൻ ആശയം നടപ്പാക്കുന്നവർക്കും പ്രത്യേക പുരസ്കാരം നൽകാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പുത്തൻ ആശയങ്ങൾ നടപ്പാക്കുന്ന സഹകരണ സംഘങ്ങൾക്ക് ഇന്നവേഷൻ അവാർഡിനായി അവാർഡ് നിർണ്ണയ കമ്മിറ്റി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷം അവാർഡ് നൽകിയിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിക്കായി ചെലവഴിച്ച തുക

1 (5152) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച സമിതിയുടെ പ്രവർത്തനത്തിനായി ആകെ എത്ര തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ പ്രവർത്തനത്തിനായി ആകെ 70,60,098 (എഴുപത് ലക്ഷത്തി അറുപതിനായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

ഇനം തുക ഓണറേറിയം- ചെയർമാൻ & അംഗങ്ങൾ - 45,82,500 വാഹന വാടക - 15,59,206 വേതനം - ഓഫീസ് അറ്റന്റന്റ് - 1,68,190 വേതനം - കുടുംബശ്രീ - പി.ടി.എസ് - 98,240 വാടക - ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് - 5,89,050- പലവക / ഓഫീസ് ചെലവുകൾ - 62,912 - ആകെ - 70,60,098